പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4058

24.08.2017 ന് മറുപടിയ്ക്ക്.

## ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ യിലെ ട്രേഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ. യിലെ ട്രേഡുകൾക്ക് എൻ.സി.വി.ടി.യുടെ അംഗീകാരം ലഭിയ്ക്കുന്നതിനും പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനും ഐ.ടി.ഐ. യോട് ചേർന്നുള്ള ഒരേക്കർ സർക്കാർ ഭൂമി ഐ.ടി.ഐ.യ്ക്ക് ലഭിക്കുന്നതിനും ഐ.ടി.ഐ. യുടെ പദവി ഉയർത്തുന്നതിനുമൊക്കെയായി ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രകാരം ട്രേഡുകൾക്ക് എൻ.സി.വി.ടി അംഗീകാരം ലഭിക്കാൻ ഓരോ ട്രേഡിനും 2 യൂണിറ്റ് ആവശ്യമാണ്.<br>നിലവിൽ ചാത്തന്നൂർ ഐ.ടി.ഐ.യിൽ ഓരോ യൂണിറ്റിൽ വീതം പരിശീലനം നൽകി വരുന്ന പെയിന്റർ ജനറൽ, ഡ്രസ്സ് മേക്കിംഗ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകളുടെ ഓരോ യൂണിറ്റു കൂടി അനുവദിക്കുന്നതിനും ടി ട്രേഡുകളിലേക്ക് ഉപകരണങ്ങൾ സംഭരിക്കുന്നതിനുമായി ലഭിച്ച ശിപാർശ പരിശോധിച്ചു വരുന്നു.<br>ചാത്തന്നൂർ ഐ.ടി.ഐ.യുടെ മുന്നിലുള്ള ഒരേക്കർ തരിശുഭൂമി (മീനാട് വില്ലേജിൽ റീ സർവ്വേ 158/2, ബ്ലോക്ക് നമ്പർ 30-ൽ പ്പെട്ട ഒരേക്കർ സ്ഥലം) വകുപ്പിന് ലഭ്യമാക്കുന്നതിനായി ലാന്റ് ട്രാൻസ്ഫർ ഫോമിൽ അപേക്ഷ കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയാണെന്നും ഓരോ ട്രേഡിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകുവാൻ സൗകര്യമുണ്ടെന്നും അറിയിക്കാമോ; | (സി) ചാത്തന്നൂർ ഗവ. ഐ.ടി.ഐ.യിലെ നിലവിലുള്ള ട്രേഡുകളും അഡ്മിഷൻ നൽകാൻ കഴിയുന്ന കുട്ടികളുടെ എണ്ണവും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| നം. | ട്രേഡ് | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | ഇലക്ട്രീഷ്യൻ | 42 |
| 2 | ഡ്രസ്സ്മേക്കിംഗ് | 21 |

| | | |
|---|---|---|
| 3 | പെയിന്റർ ജനറൽ | 21 |
| 4 | ഫിറ്റർ | 42 |
| 5 | വെൽഡർ | 32 |
| 6 | സർവ്വേയർ | 42 |
| 7 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 21 |
| 8 | മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ | 42 |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇവിടെ പുതുതായി ഏതെങ്കിലും ട്രേഡുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന വിവരം അറിയിക്കാമോ;

(ഡി) ഇല്ല.

(ഇ) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പുതിയ ട്രേഡുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

(ഇ) പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

Bindu

സെക്ഷൻ ഓഫീസർ